15762
19/7/17

GOVERNMENT OF KERALA

Abstract

Water Resources Department – Establishment – Order of the Hon'ble Kerala Administrative Tribunal in OA (EKM)No.1289/2016 – Complied with - Orders issued.

WATER RESOURCES (A) DEPARTMENT

G.O.(Ms)No.56/2017/WRD Dated, Thiruvananthapuram, 16/07/2017.

Read:- 1)G.O(Ms)No.06/2013/WRD dated 16/01/2013.
2)Order of the Hon'ble Kerala Administrative Tribunal in OA(EKM) No.1289/2016 dated 02/11/2016.
3)Letter No.C5-3449/2016 dated 29/01/2017 of the Chief Engineer(I&A), Thiruvananthapuram.

ORDER

Sri.Rajesh S., HR Worker in Irrigation Department filed OA(EKM)1289/2016 before the Hon'ble Kerala Administrative Tribunal praying for a direction to regularise him as SLR Worker.

2) As per the Order read as 2nd paper above the Hon'ble Kerala Administrative Tribunal directed the 1st Respondent (Government) to consider and pass appropriate orders on Annexure A1 representation after affording an opportunity of personal hearing to the applicant, within a period of four months from the date of receipt of a copy of the order.

3) As per the order, the applicant was heard on 03/03/2017. The applicant submitted that he has satisfied the eligibility criteria of 500 days to be regularised as SLR Worker and has done work in the department as HR Worker. He has completed 10 years of service in the year 2006 itself since he joined the Department on 01/01/1996.

4) As per the letter read as 3rd paper above the Chief Engineer(I&A), has reported that the applicant had done only 331 days of work. During hearing the applicant has produced records to prove that he has completed 690 days of work in the department and the officials from the Office of Chief Engineer, Irrigation Department submitted that some error had occurred during the calculation thus reducing the total days to 331 as stated in the report. As per records produced he has completed 690 days of work as on 01/01/2011.

5) The Hon'ble Kerala Administrative Tribunal in its various judgments observed that break in service is not a criteria to be ineligible. Hence he is seen eligible for appointment as SLR Worker vide Government Order read as 1st paper above.

6) Government have examined the matter in detail and are pleased to regularise the applicant in OA(EKM)1289/16 Sri.Rajesh S., HR worker as SLR Worker with effect from 16/01/2013, subject to the condition that the monetary benefits will be effected from the date of issuance of order.

7) The order of the Hon'ble Kerala Administrative Tribunal read as 2nd paper above is complied with accordingly.

(BY ORDER OF THE GOVERNOR)
**TINKU BISWAL**
**Secretary to Government**

To

The person concerned (Through Chief Engineer (I&A),Thiruvananthapuram)
The Chief Engineer (I&A),Thiruvananthapuram.
The Advocate General, Kerala, Thiruvananthapuram Branch, Vanchiyoor P.O., Thiruvananthapuram(with covering letter).
The Principal Accountant General (Audit) Kerala, Thiruvananthapuram.
The Accountant General(A&E), Kerala,Thiruvananthapuram/Thrissur.
The General Administration(SC)Department(Vide Item No.1215 dated 12/07/2017)
The Law Department(Vide U.O(R)No.5885/F3/2017/Law dated 20/03/2017).
The Finance Department(Vide U.O(F.)No.457116/Ind&PWB3/17/Fin. Dated 02/05/2017).
The Information Officer, Web & New Media Division, Information & Public Relations Department.
Stock File/O.C.

Forwarded/ By Order

Section Officer.

42

35

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 12-07-2017

ഫയൽ നം.1010771/എ2/2016/ജ.വി.വ. ഇനം നം: 1215

വിഷയം : ജലവിഭവ വകുപ്പ് - ജലസേചന വകുപ്പിലെ എച്ച്.ആർ. വർക്കറായ ശ്രീ.രാജേഷ് എസ്.-നെ എസ്.എൽ.ആർ. വർക്കറായി നിയമിക്കുന്നതിനുള്ള ശുപാർശ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സെക്രട്ടറി, ജലവിഭവ വകുപ്പ്.

Urgent.

13/7.

13/7/17

# കേരള സർക്കാർ
# (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | 1010771/എ 2/2016/ജവിവ |
| 2. | വകുപ്പ് | : | ജലവിഭവ (എ) വകുപ്പ് |
| 3. | വിഷയം | : | ജലസേചന വകുപ്പിലെ എച്ച്.ആർ.വർക്കറായ ശ്രീ.രാജേഷ് എസ് നെ എസ്.എൽ.ആർ വർക്കറായി നിയമിക്കുന്നതിനുള്ള ശുപാർശ സംബന്ധിച്ച്. |
| 4. | മന്ത്രി സഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 10/06/2017 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ? | : | അതെ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട്, നിയമ വകുപ്പ്, ധനകാര്യ വകുപ്പ് |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി.സീനത്തുബീവി എസ്. |
| 8. | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01/07/17 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി നളിനി നെറ്റോ |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09/07/17 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.മാത്യു റ്റി.തോമസ് |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 11/07/17 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 11/07/17 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : | |

## മന്ത്രി സഭായോഗത്തിനുള്ള കുറിപ്പ്

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02/11/2016 ലെ OA (EKM)1289/16 മേലുള്ള ഉത്തരവ് പാലിച്ചു കൊണ്ട് ജലസേചന വകുപ്പിലെ എച്ച്.ആർ.വർക്കറായ ശ്രീ.രാജേഷ് എസ് നെ എസ്.എൽ.ആർ വർക്കറായി നിയമിക്കുന്നതു സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) ശ്രീ.രാജേഷ് എസ്. തന്നെയും എസ്.എൽ.ആർ വർക്കറായി നിയമിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് OA (EKM)1289/16 ആയി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തു.

3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 02/11/2016 ലെ ഉത്തരവ് പ്രകാരം ഉത്തരവിന്റെ പകർപ്പ് കൈപ്പറ്റി നാല് മാസത്തിനകം അപേക്ഷകനെ നേരിൽ കേട്ട് അനുബന്ധം എ 1 നിയമാനുസൃതം പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കണമെന്ന് 1-)o എതിർകക്ഷിയോട് (സർക്കാർ) നിർദ്ദേശിച്ചുകൊണ്ട് OA (EKM)1289/16 തീർപ്പാക്കുകയുണ്ടായി.

4) ആയതിൻപ്രകാരം 03/03/2017 ൽ ഹർജിക്കാരെ നേരിൽ കേൾക്കുകയുണ്ടായി. എസ്.എൽ.ആർ വർക്കറായി റഗുലറൈസ് ചെയ്യുന്നതിനുവേണ്ട 500 ദിവസം എന്ന അർഹതാമാനദണ്ഡം താനും പാലിക്കുന്നുണ്ടെന്നും എച്ച്.ആർ.വർക്കറായി വകുപ്പിൽ ജോലി ചെയ്തിരുന്നു എന്നും അപേക്ഷകൻ അറിയിച്ചു. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാൻ 331 ദിവസങ്ങൾ മാത്രമേ ജോലി ചെയ്തിട്ടുള്ളൂ. ടിയാൻ 01/01/1996 ൽ വകുപ്പിൽ പ്രവേശിച്ചതിനാൽ 2006 ൽ 10 വർഷം പൂർത്തിയായിട്ടുണ്ട്.

5) 690 ദിവസം വകുപ്പിൽ ജോലി ചെയ്തു എന്ന തെളിയിക്കുന്ന മലമ്പുഴ ഹെഡ് വർക്ക്സ് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയ രേഖകൾ ടിയാൻ സമർപ്പിച്ചു. അതു കൂടാതെ ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രിബ്യൂണൽ വ്യത്യസ്തങ്ങളായ പല ഉത്തരവുകളിലും സർവ്വീസിൽ ഉണ്ടാകുന്ന വിഘ്നം അനർഹരാകുന്നതിനുള്ള മാനദണ്ഡം ആകുന്നില്ല എന്ന് നിരീക്ഷിച്ചിട്ടുണ്ട്. ആയതിനാൽ 16/01/2013 ലെ ജി.ഒ(എം.എസ്)6/2013/ജവിവ നമ്പർ ഉത്തരവ് പ്രകാരം ടിയാൻ എസ്.എൽ.ആർ വർക്കറായി നിയമനം കിട്ടുന്നതിന് അർഹനാണ്. റിപ്പോർട്ടിൽ മൊത്തം ദിവസങ്ങൾ 331 ആയി കുറവ് വന്നതിൽ ചെറിയ തെറ്റ് പറ്റിയതായി ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്.

6) നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ആ വകുപ്പ് ചുവടെ ചേർക്കുംപ്രകാരം അറിയിച്ചു.

"HR/CLR ജീവനക്കാരെ SLR ജീവനക്കാരായി മാറ്റി നിയമിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള നിയമനങ്ങൾ ഉമാദേവി കേസിൽ ബഹു.സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അന്തസത്തയ്ക്ക് വിരുദ്ധമല്ല എന്നും സമാനമായ വിഷയത്തിൽ 2690/ഒപ്പി.എഫ്3/17/നിയമം നമ്പറായി ഭരണവകുപ്പിന്റെ 786060/എ 2/2015/ജവിവ നമ്പർ ഫയലിൽ 18/02/2017 ൽ ഈ വകുപ്പ് നൽകിയ അഭിപ്രായം ഈ ഫയലിലെ പ്രതിപാദ്യ വിഷയത്തിനും ബാധകമാണെന്നും ഭരണവകുപ്പിനെ അറിയിക്കുന്നു".

7) 786060/എ 2/2015/ജവിവ നമ്പർ ഫയലിൽ നിയമവകുപ്പ് ചുവടെ ചേർക്കുംപ്രകാരം അറിയിച്ചു.

"HR/CLR ജീവനക്കാരെ SLR ആയി മാറ്റി നിയമിക്കുന്നതിനായി 16/01/2013 ലെ സ.ഉ.(എം.എസ്)നം.06/13/ജവിവ നമ്പർ ഉത്തരവും പിന്നീടുണ്ടായ കോടതി വിധികളും പ്രകാരം 4 മാനദണ്ഡങ്ങളാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്.

a) 01/01/2011 ൽ ചുരുങ്ങിയത് 500 ദിവസം സർവ്വീസ് പൂർത്തിയാക്കിയിരിക്കണം.

b) 01/01/2011 ൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിരിക്കണം.

c) നിലവിൽ സർവ്വീസിലുള്ള HR/CLR തൊഴിലാളികളായിരിക്കണം.

d) 01/01/2011 ൽ 58 വയസ്സ് കവിയാൻ പാടില്ല.

പ്രസ്തുത മാനദണ്ഡങ്ങളിലെ 2ാമത്തെ മാനദണ്ഡം 10 വർഷത്തെ തുടർച്ചയായ സർവ്വീസ് ആയിരിക്കണമെന്ന വാദഗതികൾ ഒ.എ.1210/2013 നമ്പർ കേസിലെ 26/03/2014 ലെ വിധി പ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ അസ്ഥിരപ്പെടുത്തുകയുണ്ടായി. പ്രസ്തുത വിധി ഉൾപ്പെടെ സമാനമായ കേസുകളിലെ കോടതി വിധികൾ സർക്കാർ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ നിഷ്കർഷിക്കപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്ന പക്ഷം ഒ.എ.1604/2016 കേസിലെ കക്ഷികളേയും SLR വർക്കർമാരായി മാറ്റി നിയമക്കാവുന്നതാണെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

8) ഇത് സംബന്ധിച്ചുള്ള ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"Finance agrees to the proposal of Administrative Department subject to the condition that the petitioner is satisfying all the four eligibility conditions

prescribed in G.O(Ms)No.06/13/WRD dated 16/01/2013 for the regularization of HR Workers as SLR Workers, but the condition of continuous service".

9) മേൽ സാഹചര്യത്തിൽ ശ്രീ.രാജേഷ് 16/01/2013 ലെ ജി.ഒ (എം.എസ്)6/2013/ജവിവ നമ്പർ ഉത്തരവിലെ എല്ലാ വ്യവസ്ഥകളും പാലിക്കുന്നതിനാൽ ടിയാൻ എസ്.എൽ.ആർ വർക്കറായി റഗുലറൈസ് ചെയ്യുന്നതിന് അർഹനാണ്. ആയതിനാൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പാലിക്കുന്നതിലേയ്ക്കായി ടിയാനെ 16/01/2013 പ്രാബല്യത്തിൽ ഉത്തവ് തീയതി മുതൽ മാത്രമേ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ എന്ന വ്യവസ്ഥയിൽ റഗുലറൈസ് ചെയ്യേണ്ടതുണ്ട്.

10) ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് കൊണ്ടു വരാമോ എന്ന കാര്യത്തിൽ ഉത്തരവിനായി ഫയൽ സമർപ്പിച്ചപ്പോൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

## തീരുമാനിക്കേണ്ട വിഷയം

OA (EKM)1289/16 ലെ അപേക്ഷകനായ ശ്രീ.രാജേഷ് എസ്., എച്ച്.ആർ വർക്കറെ ഉത്തരവ് തീയതി മുതൽ മാത്രമേ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുള്ളൂ എന്ന വ്യവസ്ഥയിൽ 16/01/2013 പ്രാബല്യത്തിൽ എസ്.എൽ.ആർ വർക്കറായി റഗുലറൈസ് ചെയ്യാമോ?